# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:180** **14.08.2017-ൽ മറുപടിക്ക്**

## ട്രോമാ കെയർ സംവിധാനവും സുസജ്ജമായ ആംബുലൻസും

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.മുഹമ്മദ് മുഹസിൻ പി.**<br>**ശ്രീമതി ഇ.എസ്.ബിജിമോൾ**<br>**ശ്രീമതി ഗീതാ ഗോപി**<br>**ശ്രീ.ജി.എസ്.ജയലാൽ** | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**<br>(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ പ്രധാന പാതകളിൽ എവിടെ അപകടമുണ്ടായാലും പതിനഞ്ച് മിനിറ്റിനകം സുസജ്ജമായ ആംബുലൻസ് എത്തുന്നതിനുള്ള സംവിധാനം നിലവിൽ വരുമോ; വ്യക്തമാക്കുമോ; | എ) | സംസ്ഥാനത്തെ ദേശീയ പാതകളിലും സംസ്ഥാന പാതകളിലും മറ്റ് പ്രധാന പാതകളിലും വാഹനാപകടം ഉണ്ടാകുന്ന പക്ഷം അപകടത്തിനിരയാകുന്നവരെ യഥാസമയം മെച്ചപ്പെട്ട ആരോഗ്യ പരിപാലന സംവിധാനമുള്ള ആശുപത്രികളിൽ എത്തിക്കുന്നതിന് കേരള എമർജൻസി മെഡിക്കൽ സർവ്വീസ് എന്ന പേരിൽ സുസജ്ജമായ ആംബുലൻസ് സംവിധാനം ഏർപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനു പുറമെ റോഡ് സേഫ്റ്റി അതോറിറ്റിയുടെ സാമ്പത്തിക സഹായം കൂടി പ്രയോജനപ്പെടുത്തി ആംബുലൻസ് സർവ്വീസ് ശക്തമാക്കുന്നതിനും ട്രോമാ കെയറുകൾ ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആംബുലൻസ് പദ്ധതിയുടെ നടത്തിപ്പിനായി 2017-18 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ 13.48 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| ബി) | പ്രസ്തുത സംവിധാനം നടപ്പിൽ വരുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | ബി) | മുൻകാലങ്ങളിൽ നടപ്പിലാക്കിയിരുന്ന ആംബുലൻസ് സർവ്വീസ് (108 ആംബുലൻസ്) ന്റെ പോരായ്മകൾ പരിഹരിച്ച് കുറ്റമറ്റതും അതിവേഗം സഹായമെത്തിക്കുന്നതിന് ഉതകുന്ന തരത്തിലുള്ള ആംബുലൻസ് സർവ്വീസ് ഏർപ്പെടുത്തുന്നതിന് ഇതിനകം തന്നെ പ്രാരംഭ നടപടി സ്വീകരിച്ചിട്ടുണ്ട്. വിശദമായ വിലയിരുത്തലുകൾക്ക് ശേഷം ഈ സാമ്പത്തിക വർഷം തന്നെ പദ്ധതി നടപ്പിലാക്കുന്നതാണ്. ഇതോടൊപ്പം തന്നെ സ്വകാര്യ മേഖലയുടെ സേവനവും പ്രയോജനപ്പെടുത്താനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ആലപ്പുഴ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ ട്രോമ കെയർ-നാഷണൽ ഹൈവേസ് എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരമുള്ള ട്രോമ കെയർ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആകെ ചെലവിന്റെ 60% കേന്ദ്ര ഫണ്ടും 40% സംസ്ഥാന വിഹിതവുമാണ്.<br><br>ഈ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ആലപ്പുഴ മെഡിക്കൽ കോളേജിനെ ലെവൽ 2 ട്രോമാകെയർ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ ആകെ തുകയായ (കേന്ദ്രവിഹിതവും സ്റ്റേറ്റ് വിഹിതവും |

| | | | |
|---|---|---|---|
| | | | ഉൾപ്പെടെ) 10.272 കോടി രൂപയിൽ 367.5 ലക്ഷം രൂപ ഒന്നാംഘട്ട വിഹിതമായി കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്.<br><br>കോഴിക്കോട് മെഡിക്കൽ കോളേജിനെ ലെവൽ 1 ട്രോമാ കെയർ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ ഒന്നാംഘട്ട കേന്ദ്രവിഹിതമായി 504 ലക്ഷം രൂപ അനുവദിച്ചതിൽ 72 ലക്ഷം രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്കും 432 ലക്ഷം രൂപ ഉപകരണങ്ങൾ വാങ്ങുന്നതിലേക്കുമാണ്. |
| സി) | ട്രോമാ കെയർ സൗകര്യം വിപുലീകരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | സി) | സംസ്ഥാനത്തെ ആരോഗ്യ വകുപ്പിന് കീഴിലുള്ള ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ മുതലായ പ്രധാന ആശുപത്രികളിൽ ട്രോമാ കെയർ സംവിധാനം ഏർപ്പെടുത്താൻ കഴിഞ്ഞാൽ മാത്രമേ പൂർണ്ണ തോതിലുള്ള ട്രോമാ കെയർ സംവിധാനം സംസ്ഥാനത്ത് വ്യാപകമാക്കാൻ കഴിയൂ. ഭാരിച്ച സാമ്പത്തിക ബാദ്ധ്യതയും സാങ്കേതിക വിദഗ്ധരുടെ നിരന്തര സേവനവും ആവശ്യമായി വരുന്ന ഒരു വിഷയം എന്ന നിലയിൽ റോഡപകടങ്ങൾ പരമാവധി കുറച്ചുകൊണ്ടു വരാനാണ് വിവിധ വകുപ്പുകളുടെ ഏകോപിച്ചുള്ള പ്രവർത്തനങ്ങളിലൂടെ സർക്കാർ ശ്രമിക്കുന്നത്. എന്നിരുന്നാലും കേരളത്തിൽ ഏറ്റവും കൂടുതൽ റോഡപകടങ്ങൾ സംഭവിക്കുന്ന ജില്ലകളിലെ മേജർ ആശുപത്രികളിൽ ആദ്യഘട്ടത്തിൽത്തന്നെ ട്രോമാ കെയർ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ